**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **13-02-2024 - ൽ മറുപടിയ്ക്ക്**

**കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വികസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വികസിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നും ഇതിനാവശ്യമായ അനുമതി ലഭിക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ വിനോദസഞ്ചാരികൾക്ക് നിലവിൽ എന്തെല്ലാം വിനോദ ഉപാധികളാണുള്ളത്; വിശദമാക്കാമോ; പ്രസ്തുത കേന്ദ്രത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2 സ്പീഡ് ബോട്ടുകൾ, കയാക്കിംഗ്, കുട്ടികളുടെ പാർക്ക്, ഡാമിൽ നിന്നും ഉരക്കുഴി വെള്ളച്ചാട്ടം ആസ്വദിക്കുന്നതിനുള്ള വാഹന സൗകര്യം, ജില്ലാ പഞ്ചായത്തിന്റെ ടെയ്ക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രം, ഐസ്ക്രീം പാർലർ, സ്നാക്ക്സ് ബാർ, റെസ്റ്റോറന്റ്, സ്പൈസസ് ഷോപ്പ്, വി ആർ ഷോ തുടങ്ങിയ വിനോദ ഉപാധികൾ വിനോദ സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. നിലവിൽ 14 ജീവനക്കാർ ജോലി ചെയ്ത് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ വികസനത്തിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി വനം വകുപ്പിന്റെ സഹകരണത്തോടെ പുതിയ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കക്കയം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് വനസമ്പത്തിന് കോട്ടം തട്ടാത്ത രീതിയിൽ ജൈവ വൈവിധ്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വനം വകുപ്പിന്റെ സഹകരണത്തോടെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ